# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 941 05.02.2020 ലെ മറുപടി

## അഞ്ചുതെങ്ങ് മുതൽ കാപ്പിൽവരെ കടൽത്തീര സംരക്ഷണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി. ജോയി : | | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അഞ്ചുതെങ്ങ് മുതൽ കാപ്പിൽവരെ പത്ത് മീറ്റർ ഉള്ളിലേയ്ക്ക് കടൽത്തീരം ഇടിഞ്ഞുകൊണ്ടിരിക്കുന്നത് തടയുന്നതിനും വർക്കല വെറ്റക്കട ഭാഗത്തുള്ള വീടുകൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | വർക്കല വെറ്റക്കട ഭാഗത്തെ വീടുകൾ സംരക്ഷിക്കുന്നതിന് വേണ്ടി 2018-ൽ വെറ്റക്കട ഭാഗത്ത് 110 മീ. ദൂരത്തിലും 2019-ൽ 2-ാം റീച്ചായി 155 മീറ്ററിലും ജിയോ ബാഗ് അടുക്കി തീരം സംരക്ഷിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം 40 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 26 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. അഞ്ചുതെങ്ങ് പ്രദേശത്ത് കോട്ടയ്ക്ക് ഇരുവശത്തുമായും വർക്കല പ്രദേശത്ത് ഒന്നാം പാലം മുതൽ കാപ്പിൽ വരെയും തീരം സംരക്ഷണത്തിന് പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |
| (ബി) പ്രസ്തുത മേഖലയിലെ തീരം സംരക്ഷിക്കുന്നതിന് പാറയുടെ ദൗർലഭ്യമാണ് കാരണമെങ്കിൽ മറ്റ് നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് തീരം സംരക്ഷിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത മേഖലയിലെ പാറ ദൗർലഭ്യം കണക്കിലെടുത്ത് ജിയോ ബാഗ് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി നിർമ്മാണമാണ് നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ